ഇത് മാറാൻ പാടില്ലാത്ത ആളുകളും, പ്രായമുള്ള ആളുകളും, ഇല്ലാത്ത ആളുകളും, അനേകം എന്താണ്ട് ഞാൻ മനസ്സിലാക്കിയിടത്തോളം 10,000—ത്തോളം വരും. 1982—ലോ 1983—ലോ പാർലമെന്റ് തിരഞ്ഞെടുപ്പു കാലത്ത് ഇന്റൻസീവ് എന്യൂമറേഷൻ നടത്തിയ നിയോജകമണ്ഡലമാണ്. ആ നിയോജകമണ്ഡലത്തിൽ ഇപ്പോഴും എന്താണ്ട് പതിനായിരത്തോളം ആളുകളെ കൂടുതലായി ചേർത്തിരിക്കുകയാണ്. ഇതിന് പ്രതിവിധി ഉണ്ടാക്കാൻ, എന്യൂമറേഷനിൽ ഉണ്ടായ പാകപ്പിഴ എന്താണെന്നുവച്ചാൽ ടെമ്പററി ആയിട്ട് ഒരു ലിസ്റ്റ് ഇലക്ഷൻ കമ്മീഷനു കൊടുത്തുകഴിഞ്ഞതിനു ശേഷം ഇത് അനധികൃതമാണ്. ഇതിൽ നടപടിയുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, സെപ്തംബർ ഒന്നാം തീയതി ആരംഭിച്ച് 30—ാം തീയതി അവസാനിച്ച ഒരു വോട്ടർ പട്ടിക തയ്യാറാക്കുന്ന എന്യൂമറേഷൻ വർക്ക് കഴിഞ്ഞതിനുശേഷം, ബഹുമാനപ്പെട്ട ഗൗരിയമ്മ പരാതിപ്പെട്ടതിനെത്തുടർന്ന്, ജില്ലാ ഇലക്ഷൻ ഓഫീസറെ കൊണ്ട് അന്വേഷണം നടത്തി. ആ അന്വേഷണത്തിൽ മുൻകാലങ്ങളിൽ നടത്തിവന്ന അതേ സിസ്റ്റമാണ് 'follow' ചെയ്തിട്ടുള്ളതെന്ന് കാണുന്നു. നമ്മുടെ പ്രൈവറ്റ് സ്കൂളുകളിലെ അദ്ധ്യാപകരെന്നു പറയുന്നത് സർക്കാർ ശമ്പളം കൊടുക്കുന്ന അദ്ധ്യാപകരാണ്. ഇതിനു മുൻപ് എല്ലാ ഇലക്ഷനും പ്രൈവറ്റ് സ്കൂളുകളിലെ അദ്ധ്യാപകരെ എന്യൂമറേഷനു ഉപയോഗിച്ചിട്ടുണ്ട്. ഇവരുടെ തോതു നോക്കിയാൽ വളരെ കുറച്ചു മാത്രമേയുള്ളൂ. അവരുടെ എന്യൂമറേഷൻ വർക്ക് കഴിഞ്ഞിട്ടുണ്ട്. ഇവിടെ പറഞ്ഞതു മാതിരി അത്ര വളരെ അധികമൊന്നുമല്ല. 6.34 ശതമാനം മാത്രമാണ് ഈ നിയോജകമണ്ഡലത്തിൽ വോട്ടർമാരുടെ സംഖ്യയിൽ വർദ്ധനവുണ്ടായിട്ടുള്ളത്. ഇതനുസരിച്ച് ബഹുമാനപ്പെട്ട ഗൗരിയമ്മ വളരെ പരിചയസമ്പന്നയായതുകൊണ്ട് അവർക്ക് അറിയാം. ഡിസംബർ മാസം 17—ാം തീയതി വരെ ഒരുമാസത്തിനകം ഇതിനകത്തുള്ള പരാതി കൊടുക്കാനും കൃത്രിമമായി പേര് ചേർത്തിട്ടുണ്ടെങ്കിൽ അത് വെട്ടിക്കളയാനുമൊക്കെ പ്രൊവിഷനുണ്ട്. അതിനുള്ള സത്വരമായ നടപടി നടത്താതെ ഈ അസംബ്ലിയിൽ ഇതിനായിട്ട് പ്രത്യേകിച്ച് ഒരു നടപടിയും സ്വീകരിക്കാനില്ല. ഇലക്ഷൻ കമ്മീഷൻ നിർദ്ദേശിച്ചതനുസരിച്ച് നിയമവിധേയമായി ഇലക്ഷൻ പട്ടിക തയ്യാറാക്കുന്നുണ്ട്. അതിനുള്ള നടപടികളും നടക്കുന്നുണ്ട്. പരാതിയുണ്ടെങ്കിൽ ഓഫീസറുടെ മുൻപിൽ കൊടുക്കണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

(25) പൂജപ്പുര സെൻട്രൽ ജയിലിലെ തടവുകാരുടെ ദുഃസ്ഥിതി

ശ്രീ. ഇ. കെ. നായനാർ: സ്പീക്കർ സർ, ഇക്കാര്യം ഇതിനിടെ അസംബ്ലിയിൽ തന്നെ വന്ന പ്രശ്നമാണ്. അതിന് പരിഹാരമില്ലാത്തതുകൊണ്ടാണ് വീണ്ടും ഉന്നയിക്കുന്നത്. അതായത്, പൂജപ്പുര സെൻട്രൽ ജയിലിൽ നടക്കുന്ന മർദ്ദനത്തെ സംബന്ധിച്ചും കയ്യേറ്റത്തെ സംബന്ധിച്ചും അതിക്രമത്തെ സംബന്ധിച്ചുമാണ്. തിരുവനന്തപുരം സെൻട്രൽ ജയിലിലെ തടവുകാർ നിരന്തരമായി മർദ്ദനത്തിന് വിധേയമായിക്കൊണ്ടിരിക്കുകയാണ്. പ്രാകൃതമായ മർദ്ദനം സഹിക്കാൻ വയ്യാതെ തടവുകാർ നിരാഹാരസത്യാഗ്രഹം നടത്തി. പലർക്കും പരാതികളയച്ചു. പരാതി കിട്ടിയതിനെത്തുടർന്ന് സഖാവ് ഗൗരിയമ്മയും ടി. കെ. അബ്ദുവും ജയിൽ സന്ദർശിച്ചു, അന്വേഷണം നടത്തി. വളരെ ക്രൂര

LIBRARY ARCHIVES Kerala Legislative Assembly

മായിട്ടാണ് അധികൃതർ തടവുകാരോട് പെരുമാറുന്നത് എന്ന് അവർക്ക് മനസ്സിലായി. ഈ ക്രൂരമർദ്ദനത്തെക്കുറിച്ച് നിയമസഭാ സമ്മേളനത്തിന്റെ തുടക്കത്തിൽ തന്നെ ശ്രീ. വർക്കല രാധാകൃഷ്ണൻ ഒരു സബ്മിഷനിലൂടെ പ്രശ്നം മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിക്കഴിഞ്ഞതാണ്. ഇപ്പോഴും മർദ്ദനം നടക്കുന്നില്ലെന്നാണ് മുഖ്യമന്ത്രി അന്ന് പറഞ്ഞത്. എനിക്ക് ഇപ്പോഴും വീണ്ടും ഒരു പരാതി ലഭിച്ചിരിക്കുകയാണ്. ഗൗരിയമ്മയുടെ സന്ദർശനം തന്നെ അധികൃതർക്ക് അലർജിയായിരുന്നു. തടവുകാർക്കെതിരായി നടന്നുവന്നതും നിർത്തിവച്ചതുമായ മർദ്ദനം ഈ സന്ദർശനത്തെത്തുടർന്ന് പൂർവ്വാധികം ശക്തിയിൽ വീണ്ടും തുടങ്ങി. ജയിൽ സൂപ്രണ്ട് ഫ്രാൻക്ലിൻ മസ്ക്രീൻ ആണ് മർദ്ദനത്തിന് നേതൃത്വം നൽകുന്നത്. തിരുവനന്തപുരം ഡി. സി. സി. ഇന്ദിരാകോൺഗ്രസ് മെമ്പറുടെ സഹോദരനാണ് ഈ ഉദ്യോഗസ്ഥൻ. ആര് പരാതിപ്പെട്ടാലും തനിയ്ക്കൊന്നുമില്ലെന്ന് പറഞ്ഞുകൊണ്ട് അയാൾ തടവുകാരെ തല്ലുകയാണ്. മർദ്ദിക്കുകയാണ്. കുമ്പളങ്ങ കേസ്സിൽ ശിക്ഷിക്കപ്പെട്ട അജയഘോഷ് കൺവിക്റ്റ് നമ്പർ 7758, കുര്യൻ എന്നിവരാണ് മർദ്ദനമേറ്റ് അവശനിലയിലായത്. കൺവിക്റ്റ് നമ്പർ 7807, സുരേന്ദ്രന്റെ നില ഗുരുതരമാണ്. ഒരാഴ്ച മുൻപ് കേസിനു പോയി തിരിച്ചുവന്നപ്പോൾ 'പോൾ' എന്ന തടവുകാരനെ യാതൊരു കാരണവുമില്ലാതെ മർദ്ദിച്ചു. അയാൾ ആശുപത്രിയിലാണ്. 6615–ാം നമ്പർ തടവുകാരൻ ദാസന്റെ ചെവി അടിച്ചുപൊട്ടിച്ചു. അയാൾക്ക് കേൾവി നഷ്ടപ്പെട്ടിരിക്കുകയാണ്. ജയിൽ സൂപ്രണ്ടിനു എതിരെ 13 പേർ ഒപ്പിട്ട ഒരു പെറ്റീഷൻ അവർ ആഭ്യന്തരവകുപ്പ് സെക്രട്ടറിയ്ക്ക് അയച്ചിരുന്നു. അദ്ദേഹം അത് അതേപടി ജയിൽ സൂപ്രണ്ടിനു തിരിച്ചയച്ചു. അതിനു പകപോക്കാൻ ആയിരുന്നു തടവുകാർക്ക് ഭീകരമായ മർദ്ദനം. ഇപ്പോഴും വീണ്ടും സഹിക്കേണ്ടതായി വന്നിട്ടുള്ളത്. ജയിലിനുള്ളിൽ തടവുകാരെ ഇങ്ങനെ ഭീകരമായി മർദ്ദിക്കുന്നത് കാട്ടാളത്തമാണ്. ഇപ്രകാരം മർദ്ദനം തുടർന്നാൽ ഒരു ലഹള അവിടെയുണ്ടാകുമെന്ന് തടവുകാർ പറയുന്നു. കാരണം, അള മുട്ടിയാൽ ചേരയും കടിയ്ക്കും. ആ സ്ഥിതിയിൽ എത്തിക്കഴിഞ്ഞിരിക്കുകയാണ്. അതുകൊണ്ട് സർക്കാരിനു ഇത് അവസാനിപ്പിക്കുവാൻ കഴിവില്ലേ? പുറത്താണെങ്കിൽ വീടുകളിൽ കയറി മർദ്ദനം, ലോക്കപ്പ് മർദ്ദനം, ബലാൽസംഗം ഇതൊക്കെയാണ് പുറത്ത് നടത്തുന്നത്. ജയിലുകളിൽ തടവുകാരുടെ മേൽ ക്രൂരമായ മർദ്ദനം. ഇത് എന്തൊരു ആഭ്യന്തരവകുപ്പാണ്? ഭരണമാണ്? സെൻട്രൽ ജയിലിലെ മർദ്ദനം അവസാനിപ്പിക്കണം. അതിനു കഴിവില്ലെങ്കിൽ നിങ്ങൾ എന്തിനാണ് ഈ വകുപ്പ് കൈകാര്യം ചെയ്യുന്നത്? തീർച്ചയായിട്ടും ഇതിനു മുൻപ് തന്നെ ഇത് മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടു. ജയിൽ മർദ്ദനത്തെക്കുറിച്ച് ജയിൽ സൂപ്രണ്ടിനെ മാറ്റി നിർത്തി അന്വേഷിപ്പിക്കണം. മർദ്ദകനായ, ക്രൂരനായ ജയിൽ സൂപ്രണ്ടിനെക്കൊണ്ട് തടവിൽ കിടക്കുന്നവരെ മാത്രമേ തല്ലാൻ കഴിയുകയുള്ളൂ. തടവിലല്ലാത്തവരെ തല്ലിയാൽ ഇങ്ങോട്ടും കിട്ടും. തടവുകാരുടെ കൈക്ക് വിലങ്ങും വച്ചുകൊണ്ട് തല്ലുന്ന ഇത്തരത്തിലുള്ള ഒരു വകുപ്പ് ഇവിടെ കൈകാര്യംചെയ്യുന്ന ആഭ്യന്തരമന്ത്രി തീർച്ചയായിട്ടും ഈ ജയിൽ മർദ്ദനത്തിനെതിരായി നടപടി സ്വീകരിക്കണം. കുറവാളിയായ ജയിൽ സൂപ്രണ്ടിനെ മാറ്റി നിർത്തി അന്വേഷണം നടത്തണം. പാവപ്പെട്ടവരായ തടവുകാരെ രക്ഷിക്കാനുള്ള സംവിധാനമുണ്ടാക്കണമെന്ന് ഞാനാവശ്യപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഈ സെഷനിൽ തന്നെ ഇക്കാര്യത്തെക്കുറിച്ച് വിശദീകരിച്ചിട്ടുള്ളതാണ്. ജയിലിലെ 1538–ാം നമ്പറുകാരനായ സനൽകുമാർ ഒരു പരാതി മജിസ്ട്രേട്ടിനും ജില്ലാ കോടതിക്കും കൊടുത്തു. ജില്ലാ ജഡ്ജി ജയിൽ വിസിറ്റ് ചെയ്തിട്ട് അദ്ദേഹത്തിന്റെ ഫൈൻഡിംഗ്സ് തന്നിട്ടില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ കുടുംബത്തിലുള്ള ആളുകളും സർവ്വീസിലുണ്ട്. അതുകൊണ്ട് ആ ഉദ്യോഗസ്ഥൻമാരെല്ലാം മാർക്സിസ്റ്റുകാരാണെന്ന് പറയാൻ ഞാൻ തയ്യാറല്ല. ഏതായാലും ഇക്കാര്യത്തെ സംബന്ധിച്ച് ഫൈൻഡിംഗ്സ് കിട്ടിക്കഴിഞ്ഞാലുടനെ നടപടി സ്വീകരിക്കാം.

IV. റിപ്പോർട്ട് സമർപ്പണം

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, 1986–ലെ കേരള സിവിൽ കോടതി ഭേദഗതി ബില്ലിൻമേലുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

സർ, 1986–ലെ കൊച്ചി ശാസ്ത്ര–സാങ്കേതികശാസ്ത്ര സർവ്വകലാശാലാ ബില്ലിൻമേലുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും ഞാൻ സമർപ്പിക്കുന്നു.

Minister for Transport **Sri. P. K. Velayudhan:** Sir, I preseht the report of the Subject Committee on the Kerala Tolls (Amendment) Bill, 1986.

കൃഷിവകുപ്പു മന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ): സർ, 1986–ലെ കേരള കാർഷിക സർവ്വകലാശാല (ഭേദഗതി) ബില്ലിൻമേലുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

V. അനൗദ്യോഗികാംഗങ്ങളുടെ കാര്യം

(i) റിപ്പോർട്ട് പരിഗണന

ശ്രീ. എം. എം. ഹസ്സൻ: സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 31–ാമത്തെ റിപ്പോർട്ട് അംഗീകരിയ്ക്കണമെന്ന പ്രമേയം ഞാനവതരിപ്പിക്കുന്നു.

ശ്രീ. രാഘവൻ പൊഴക്കടവിൽ: സർ, ഞാനതിനെ പിന്താങ്ങുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

(ii) അനൗദ്യോഗിക ബില്ലുകൾ

1984–ലെ കേരള കെട്ടിടനിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബിൽ

(ശ്രീ. കാനം രാജേന്ദ്രൻ നോട്ടീസ് നൽകിയത്)

ശ്രീ. വി. ജെ. തങ്കപ്പൻ: സർ, 1984–ലെ കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബിൽ (ശ്രീ. കാനം രാജേന്ദ്രൻ നോട്ടീസ് നൽകിയത്) ഒരു സെലക്ട് കമ്മിറ്റിയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു. നമ്മുടെ സംസ്ഥാനത്ത് കെട്ടിട നിർമ്മാണ തൊഴിലിൽ

LIBRARY ARCHIVES Kerala Legislative Assembly